# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 07, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

12(*211) വനം-വന്യജീവി സംരക്ഷണ മേഖലയ്ക്കായുള്ള കേന്ദ്ര വിഹിതം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ 17 വന്യജീവി സങ്കേതങ്ങളുടെയും 5

ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ ദൈനംദിന പ്രവർത്തനങ്ങൾ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പാക്കുന്നതെന്ന് സഭയെ അറിയിച്ചു. പ്രോജക്ട് എലിഫന്റ് സ്കീം, അഗസ്ത്യമല/നീലഗിരി ബയോസ്ഫിയർ റിസർവുകൾ, Forest Fire Prevention and Management Scheme (FPMS) എന്നിവ കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നുണ്ട്. പ്രോജക്ട് ടൈഗർ ഒഴികെയുള്ള പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണെന്നും കേന്ദ്ര വിഹിതം സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലോ മൂന്നാം പാദത്തിലോ ആണ് ലഭിക്കുന്നതെന്നും FPM പദ്ധതിക്കുള്ള വിഹിതത്തിന് കാലതാമസം നേരിട്ടിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി കേന്ദ്രാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്ച്വറി, നാഷണൽ പാർക്ക്, ബയോസ്ഫിയർ റിസർവ് തുടങ്ങിയവ ഉൾപ്പെടുന്ന വാർഷിക കർമ്മപദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നുണ്ടെന്നും 03.12.2018-ലെ ഉത്തരവുപ്രകാരം പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാന വിഹിതത്തിന്റെ 50% നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വനാന്തർഭാഗത്തുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്വയം സന്നദ്ധ പുനരധിവാസ

പദ്ധതി നടപ്പിലാക്കുന്നുണ്ട്. ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കാൻ സഹകരിക്കുമെന്നും വന്യജീവികൾക്ക് ദോഷം വരാത്ത രീതിയിൽ ഭൂഗർഭ വൈദ്യുത ലൈൻ സ്ഥാപിക്കുന്നതിന് അനുവദിക്കുമെന്നും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയർ ലൈൻ വാച്ചർമാർക്ക് ശമ്പളം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകില്ലെന്നും വനം-വന്യജീവി സംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനുമായി ആദിവാസി വിഭാഗത്തിൽനിന്നും 500 വാച്ചർമാരെ പി.എസ്.സി. വഴി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും അന്യംനിന്നുപോകുന്ന വന്യജീവികളുടെ സംരക്ഷണത്തിനായി Recovery Programme of Nilgiri Tahr, Recovery Programme of Vulture in Wayand Wildlife Sanctuary എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2696 മുതൽ 3043 വരെയുള്ള ചോദ്യങ്ങളിൽ 216 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)